അതിരപ്പിള്ളി: വി.എസ് ഞങ്ങളെ കൂട്ടുപിടിക്കേണ്ട

തിരുവനന്തപുരം : അതിരപ്പിള്ളി വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയനെ അടിക്കാൻ വി. എസ്. അച്യുതാനന്ദൻ പ്രതിപക്ഷത്തെ കൂട്ടുപിടിക്കാൻ ശ്രമിക്കേണ്ടെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വി.എസിന് പറയാനുള്ളത് നേരെ പറഞ്ഞാൽ മതി. പദ്ധതി വേണ്ടെന്നാണ് യു.ഡി.എഫ് നിലപാട്. വിഷയം സംബന്ധിച്ച് ഉമ്മൻചാണ്ടിയുടേത് വ്യത്യസ്ത നിലപാടല്ല. ഇക്കാര്യം അദ്ദേഹവുമായി സംസാരിച്ചിരുന്നു. സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുമെന്ന് നിയമസഭയിൽ പറഞ്ഞവർ ഏകപക്ഷീയമായി പദ്ധതിയുമായി മുന്നോട്ട് പോകുകയാണെന്നും ചെന്നിത്തല പറഞ്ഞു.

കേസരി മാദ്ധ്യമ പുരസ്കാരദാനം ഇന്ന്

തിരുവനന്തപുരം: കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റ് ഏർപ്പെടുത്തിയ പ്രഥമ കേസരി മാദ്ധ്യമ പുരസ്കാരം ടി. ജെ. എസ്. ജോർജിന് അടൂർ ഗോപാലകൃഷ്ണൻ ഇന്ന് സമ്മാനിക്കും. കേസരി ഹാളിൽ രാവിലെ 11 ന് നടക്കുന്ന ചടങ്ങിൽ ജൂറിയംഗങ്ങളായ എം. ജി. രാധാകൃഷ്ണൻ, ആർ. എസ്. ബാബു, സി. റഹിം തുടങ്ങിയവർ പങ്കെടുക്കും.

ബംഗളൂരുവിൽ മലയാള ചലച്ചിത്രമേള തുടങ്ങി

ബംഗളൂരു: സംസ്ഥാന ചലച്ചിത്ര അക്കാഡമി കർണാടക ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന ചലച്ചിത്രമേള ബംഗളൂരു വസന്തനഗർ ചാമുണ്ഡേശ്വരി സ്റ്റുഡിയോവിൽ ആരംഭിച്ചു. ബംഗളൂരു വികസനമന്ത്രി കെ.ജെ. ജോർജ്ജ് ഉദ്ഘാടനം ചെയ്തു. സംവിധായകൻ പി.ശേഷാദ്രി മുഖ്യപ്രഭാഷണം നടത്തി. കർണാടക ചലച്ചിത്ര അക്കാഡമി ചെയർമാൻ എസ്.വി.രാജേന്ദ്രസിംഗ്, സംസ്ഥാന ചലച്ചിത്ര അക്കാഡമി സെക്രട്ടറി മഹേഷ് പഞ്ചു തുടങ്ങിയവർ സംബന്ധിച്ചു.

മുരുകന്റെ മരണം: ഡോക്ടർമാർക്ക് കുരുക്കുവീഴും

സർക്കാർ ഏറ്റെടുക്കണമെന്ന് മുരുകന്റെ കുടുംബം

തിരുവനന്തപുരം: മുരുകന്റെ കുടുംബത്തെ കേരള സർക്കാർ ഏറ്റെടുക്കണമെന്ന് ബന്ധുക്കൾ ആവശ്യപ്പെട്ടു. തിരുനെൽവേലിയിലാണ് മുരുകന്റെ ഭാര്യ പാപ്പയും രണ്ട് ചെറിയ ആൺകുട്ടികളുമുള്ളത്. ഇവർക്ക് സ്വന്തമായി വീടോ വസ്തുവോ ഇല്ല. രക്ഷിക്കാമായിരുന്ന ജീവനാണ് ആശുപത്രികളുടെ നിസ്സഹകരണം കാരണം നഷ്ടപ്പെട്ടതെന്ന് ഉറ്റബന്ധുവായ വേലു പറഞ്ഞു. കഴിഞ്ഞദിവസം നിയമസഭയിൽ മുരുകന്റെ കുടുംബത്തോട് മുഖ്യമന്ത്രി പിണറായി വിജയൻ മാപ്പ് പറഞ്ഞിരുന്നു.

കൊല്ലം: ആശുപത്രികൾ ചികിത്സ നിഷേധിച്ചതിനെ തുടർന്ന് തമിഴ്നാട് സ്വദേശി മുരുകൻ മരിച്ച സംഭവത്തിൽ അനാസ്ഥ കാട്ടിയ ഡോക്ടർമാർ പ്രതികളായേക്കും. പഴുതടച്ച ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കാനുള്ള ശ്രമത്തിലാണ് കൊട്ടിയം സി.ഐ ജി. അജയനാഥിന്റെ നേതൃത്വത്തിലുള്ള അന്വേഷണസംഘം.

ജില്ലാ ക്രൈം ബ്രാഞ്ച് എ.സി.പി എ.അശോകനാണ് അന്വേഷണത്തിന്റെ മേൽനോട്ടം. കഴിഞ്ഞ ഞായറാഴ്ച രാത്രി 9.30ന് ദേശീയ പാതയിൽ ഇത്തിക്കരയിൽ വച്ചാണ് തമിഴ്നാട് സ്വദേശി മുരുകൻ അപകടത്തിൽ പെട്ടത്. 10.45ന് ഹൈവേ പൊലീസാണ് മുരുകനെ കൊട്ടിയം കിംസ് ആശുപത്രിയിലെത്തിച്ചത്. കൊല്ലം ട്രാക്കിന്റെ വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസ് എത്തിച്ച് മെഡിട്രീന ആശുപത്രിയിലും അവിടെ നിന്ന് കൊല്ലം മെഡിസിറ്റിയിലും എത്തിച്ചു. അഡ്മിറ്റ് ചെയ്യാൻ ആശുപത്രി അധികൃതർ വിസമ്മതിച്ചതോടെ 12ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഒരു മണിക്ക് അവിടെ എത്തിച്ച മുരുകനെ വെന്റിലേറ്റർ ഒഴിവില്ലാത്തതിനാൽ പുലർച്ചയോടെ ഉള്ളൂരിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചു. ന്യൂറോ സർജൻ ഇല്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചതിനാൽ ട്രാക്ക് പ്രവർത്തകർ മുരുകനുമായി കൊല്ലത്തേക്ക് മടങ്ങി. വരുന്ന വഴി അസീസിയ മെഡിക്കൽ കോളേജിൽ കയറിയെങ്കിലും ഡോക്ടർ ഇല്ലാത്തതിനാൽ കൊല്ലം ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടുപോരേണ്ടി വന്നു. ഇവിടെ എത്തിയപ്പോഴേക്കും മുരുകൻ മരിച്ചു.

മുരുകനെ കൊണ്ടുപോയ ആശുപത്രികളിൽ നിന്നെല്ലാം ചികിത്സാ രേഖകൾ ഉൾപ്പെടെയുള്ളവ അന്വേഷണ സംഘം പിടിച്ചെടുത്തിരുന്നു. ആശുപത്രികളിലെ വെന്റിലേറ്റർ സൗകര്യങ്ങളെക്കുറിച്ചും വിവരം ശേഖരിച്ച് വരികയാണ്. ലഭ്യമാകുന്ന വിവരങ്ങൾ വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന പാനലിനെ കൊണ്ട് പരിശോധിപ്പിച്ച് ചികിത്സ നിഷേധിച്ച ആശുപത്രികളുടെ വാദം ശരിയാണോയെന്ന് വിലയിരുത്തും.

ആരെയൊക്കെ പ്രതികളാക്കണമെന്ന കാര്യത്തിൽ ഇതിനുശേഷമായിരിക്കും തീരുമാനമെടുക്കുക. ഐ.എം.എയുടെ നേതൃത്വത്തിലും സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നുണ്ട്.

കാട് കയറിയ കൊമ്പൻമാർ തിരിച്ചിറങ്ങുമെന്ന് ഭീതി; കാവലിന് കുങ്കിയാനകൾ

മുണ്ടൂർ കുണ്ടുപറമ്പിൽ നിന്ന് കാട്ടാനകളെ കല്ലടിക്കോട് വനമേഖലയിലേക്ക് തുരത്തുന്നു

ഒറ്റപ്പാലം: എട്ട് രാപ്പകൽ നാടിനെ വിറപ്പിച്ച മൂന്നംഗ കാട്ടാനക്കൂട്ടത്തെ കല്ലടിക്കോടൻ വനമേഖലയുടെ ഉൾപ്രദേശങ്ങളിലേക്ക് കടത്തിവിടാൻ വനംവകുപ്പ് ശ്രമം തുടരുന്നു. ഉൾവനത്തിലേക്ക് കയറാതെ വനാതിർത്തിയിലാണ് ആനകൾ നിലയുറപ്പിച്ചിരിക്കുന്നത്. നാട്ടിലേക്ക് വീണ്ടും തിരിച്ചിറങ്ങുമെന്ന ആശങ്കയുള്ളതിനാൽ തമിഴ്നാട്ടിലെ മുതുമലയിൽ നിന്ന് കൊണ്ടുവന്ന ബൊമ്മൻ, വസിം എന്നീ രണ്ട് കുങ്കിയാനകളെ വനാതിർത്തിയിൽ നിറുത്തിയിട്ടുണ്ട്. ഇപ്പോൾ കാട്ടാനകൾ ധോണി വനമേഖലയിലാണ് നിലയുറപ്പിച്ചിരിക്കുന്നത്. വെള്ളിയാഴ്ച രാത്രി കാട്ടിലേക്ക് കയറ്റിയ ആനകൾ പുലർച്ചയോടെ ദേശീയപാതയോരത്തെ കുണ്ടുപറമ്പിലെ ചെറിയ കാട്ടിലേക്ക് എത്തിയതായി നാട്ടുകാർ വനംവകുപ്പിന് വിവരം നൽകിയിരുന്നു. കുണ്ടുപറമ്പ് മേഖലയിൽ അതിർത്തിയോട് ചേർന്ന ഭാഗത്ത് വ്യാപക കൃഷിനാശവും ആനകൾ ഉണ്ടാക്കി. നെൽക്കൃഷിയടക്കം നശിപ്പിച്ചു. തുടർന്ന് നാട്ടുകാർ പ്രതിഷേധവുമായി രംഗത്തെത്തി. ആനകളെ ഉൾവനത്തിലേക്ക് കയറ്റിവിടണമെന്നായിരുന്നു നാട്ടുകാരുടെ ആവശ്യം. പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ചാണ് ജനവാസമേഖലയിൽ നിന്ന് ഏകദേശം അമ്പത് കിലോമീറ്റർ ദൂരം നാട്ടുവഴികളിലൂടെ കാട്ടാനകളെ തിരികെ കാട്ടിലേക്ക് കയറ്റിയത്.

വനംവകുപ്പിന്റെ റാപ്പിഡ് ഫോഴ്സും ഒലവക്കോട് സെക്ഷനിലെ വനപാലകരും ചേർന്നാണ് ദൗത്യത്തിന് നേതൃത്വം നൽകുന്നത്. വയനാട്, കോന്നി എന്നിവിടങ്ങളിൽ നിന്നെത്തിയ ഉന്നത വനംവകുപ്പ് ഉദ്യോഗസ്ഥരും ദ്രുത കർമ്മ സേനകളും എലിഫന്റ് സ്ക്വാഡും അതത് റേഞ്ചുകളിലേക്ക് ഇന്നലെ മടങ്ങി.

മരം മുറിക്കുന്നതിനിടയിൽ മതിലിന്റെ ഇരുമ്പ് ഗ്രില്ലിന് മുകളിൽ വീണ് കമ്പികൾ കൈകളിലേക്ക് തുളച്ചു കയറിയ ഗൃഹനാഥനെ രക്ഷിക്കാൻ ശ്രമിക്കുന്നു

കൈയിൽകമ്പി തുളച്ചു കയറിയ ഗൃഹനാഥന് അഗ്നിശമനസേന തുണയായി

കായംകുളം: മരംമുറിക്കുന്നതിനിടെ ഇരുമ്പ് ഗ്രില്ലിന് മുകളിൽ വീണ ഗൃഹനാഥന്റെ കൈയിൽ കമ്പി തുളച്ചുകയറി. വേദന കൊണ്ട് പുളഞ്ഞ ഗൃഹനാഥനെ അഗ്നിശമനസേന കമ്പി സഹിതം മുറിച്ചെടുത്ത് കായംകുളം സർക്കാർ ആശുപത്രിയിൽ എത്തിച്ചു.

ഫയർ സ്റ്റേഷന് സമീപം ഫിർദൗസിൽ ഉമൈസാണ് (38) അപകടത്തിൽപ്പെട്ടത്. ഇന്നലെ രാവിലെ 11 ന് വീടിന് മുന്നിലെ തേക്ക് മരത്തിന്റെ ചില്ലകൾ മുറിക്കുന്നതിനിടയിലാണ് ഉമൈസ് കാൽ തെന്നി കൂർത്ത കമ്പികൾ ഉള്ള മതിലിന്റെ ഗ്രില്ലിൽ വീണത്. വലത് കൈയുടെ തോൾഭാഗത്തുള്ള മസിലുകളിൽ എല്ലുകൾക്ക് ഇരുവശത്തുമായി കമ്പി തുളഞ്ഞിറങ്ങി. അഗ്നിശമനസേന ഉമൈസിനെ കമ്പിക്ക് ഒപ്പം ഉയർത്തി. തുടർന്ന് ഹൈഡ്രോളിക് കട്ടർ ഉപയോഗിച്ച് കമ്പി മുറിച്ചെടുക്കുകയായിരുന്നു. ആശുപത്രിയിൽ ഡോക്ടർ കൈയിൽ നിന്ന് കമ്പികൾ നീക്കം ചെയ്തു. സ്റ്റേഷൻ ഇൻ ചാർജ് ടി.വി. അനിൽകുമാറിന്റെ നേതൃത്വത്തിലായിരുന്നു അഗ്നിശമനസേന രക്ഷാ പ്രവർത്തനം.

ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കണം: മുഖ്യമന്ത്രി

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ആരംഭിച്ച സംസ്ഥാന ഹജ്ജ് ക്യാമ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

നെടുമ്പാശേരി: അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി സംസ്ഥാനത്ത് നിന്നുള്ള ഹജ്ജ് തീർത്ഥാടക ക്വോട്ട വർദ്ധിപ്പക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെട്ടു. കേന്ദ്ര സർക്കാരിനോടും ആവശ്യം ഉന്നയിച്ചതായി നെടുമ്പാശേരി വിമാനത്താവളത്തിൽ സംസ്ഥാന ഹജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്യവേ മുഖ്യമന്ത്രി പറഞ്ഞു.

ഹജ്ജ് തീർത്ഥാടകർക്കായി സംസ്ഥാന ഹജ്ജ് കമ്മിറ്റി നൽകുന്ന സേവനങ്ങൾ ലോകത്തിന് തന്നെ മാതൃകയാണ്. അതുകൊണ്ടാണ് കേരള മോഡൽ നടപ്പാക്കാൻ മറ്റ് സംസ്ഥാനങ്ങളോട് കേന്ദ്ര ഹജ്ജ് കമ്മിറ്റിയും കേന്ദ്ര സർക്കാരും നിർദ്ദേശിക്കുന്നത്.

മന്ത്രി കെ. ടി. ജലീൽ അദ്ധ്യക്ഷത വഹിച്ചു. മതപരിവർത്തനം ലോകത്തിലെ ഏതെങ്കിലും പ്രവാചകൻ സദ്പ്രവൃത്തിയായി അംഗീകരിച്ചിട്ടില്ലെന്ന് ജലീൽ പറഞ്ഞു. പാണക്കാട് സാദ്ദിഖ് അലി ശിഹാബ് തങ്ങൾ പ്രാർത്ഥന നയിച്ചു. കാന്തപുരം എ.പി. അബൂബക്കർ മുസലിയാർ മുഖ്യപ്രഭാഷണം നടത്തി. ഹജ്ജ് കമ്മിറ്റി ചെയർമാൻ തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, എം. പിമാരായ ഇന്നസെന്റ്, കെ. വി. തോമസ്, എം.എൽ.എമാരായ അൻവർ സാദത്ത്, റോജി ജോൺ എം.എൽ.എ, വി.കെ. ഇബ്രാഹിം കുഞ്ഞ്, കെ.വി. അബ്ദുൾ ഖാദർ, വി. അബ്ദുൾ റഹ്മാൻ, റോജി എം. ജോൺ, പി.ടി.എ. റഹീം, പി. അബ്ദുൾ ഹമീദ്, സിയാൽ എം.ഡി വി.ജെ. കുര്യൻ, ശൈഖ് മുഹമ്മദ് കാരക്കുന്ന്, ഡോ. ഹുസൈൻ മടവൂർ, കെ.കെ. അബൂബക്കർ, സി. പി. കുഞ്ഞുമുഹമ്മദ്, കടക്കൽ അബ്ദുൾ അസീസ് മൗലവി, എക്സിക്യൂട്ടീവ് ഓഫീസർ അമിത് വീണ എന്നിവർ സംസാരിച്ചു.

AISF
43-ാം സംസ്ഥാന സമ്മേളനം
ആഗസ്റ്റ്. 12-15, കണ്ണൂർ.

എ.ഐ.എസ്.എഫ് 43-ാം സംസ്ഥാന സമ്മേളനത്തിന് തുടക്കം കുറിച്ച് ഇന്നലെ വൈകിട്ട് കണ്ണൂർ നഗരത്തിൽ നടന്ന പ്രകടനം

എ.ഐ.എസ്.എഫ് സംസ്ഥാന സമ്മേളനം തുടങ്ങി

കണ്ണൂർ: സംഘടനാശേഷി വിളംബരം ചെയ്ത ഉജ്ജ്വലപ്രകടത്തോടെ എ.ഐ.എസ്.എഫ് 43-ാം സംസ്ഥാന സമ്മേളനത്തിന് തുടക്കമായി. കയ്യൂർ സമരസേനാനി ചൂരിക്കാടൻ കൃഷ്ണൻനായരുടെ സ്മൃതിമണ്ഡപത്തിൽ നിന്ന് ആരംഭിച്ച പതാകജാഥയും പാമ്പാടി നെഹ്റു കോളേജ് സമരകേന്ദ്രത്തിൽ നിന്നുള്ള ബാനർ ജാഥയും തിരൂർ തുഞ്ചൻപറമ്പിൽ നിന്ന് പുറപ്പെട്ട പൊതുവിദ്യാഭ്യാസസംരക്ഷണസന്ദേശ ജാഥയും എസ്.എൻ പാർക്ക് പരിസരത്ത് സംഗമിച്ചതിനു പിറകെയാണ് പ്രകടനം തുടങ്ങിയത്. സോണി ബി. തെങ്ങമം നഗറിൽ (കണ്ണൂർ ടൗൺ സ്ക്വയർ) പതാക രമ്യ രാജനിൽ നിന്ന് പി. സന്തോഷ്കുമാറും ബാനർ വി.കെ. വിനീഷിൽ നിന്ന് സി.പി. സന്തോഷ് കുമാറും ഏറ്റുവാങ്ങി. പൊതുവിദ്യാഭ്യാസ സംരക്ഷണസന്ദേശം ജംഷീർ സി.പി. മുരളിക്ക് കൈമാറി. പൊതുസമ്മേളനം സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. എ.ഐ.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് വി.വിനിൽ അദ്ധ്യക്ഷനായിരുന്നു. ഭക്ഷ്യവകുപ്പ് മന്ത്രി പി. തിലോത്തമൻ, സി.പി.ഐ ദേശീയ കൗൺസിൽ അംഗം സി.എൻ. ചന്ദ്രൻ, സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം അഡ്വ.കെ. രാജൻ എം. എൽ. എ, എ. ഐ. എസ്.എഫ് ദേശീയ സെക്രട്ടറി കെ. പി. സന്ദീപ്, എ.ഐ.വൈ.എഫ് സംസ്ഥാന പ്രസിഡന്റ് ആർ. സജിലാൽ, എ.ഐ.എസ്.എഫ് സംസ്ഥാന സെക്രട്ടറി ശുഭേഷ് സുധാകരൻ, സി.പി.ഐ ജില്ല സെക്രട്ടറി അഡ്വ.പി. സന്തോഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

യുദ്ധം പോലും വാണിജ്യവത്കരിക്കാൻ മോദിയുടെ ശ്രമം: കാരാട്ട്

എ.കെ.ജി പഠനഗവേഷണ കേന്ദ്രത്തിന്റെയും ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഒഫ് ഇന്ത്യയുടെയും ആൾ ഇന്ത്യ ഇൻഷ്വറൻസ് എംപ്ലോയീസ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം എ.കെ.ജി ഹാളിൽ ധനമേഖലാ പരിഷ്കാരങ്ങളുടെ രണ്ടരപതിറ്റാണ്ട് നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യാനെത്തിയ സി.പി.എം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് സാമ്പത്തിക ശാസ്ത്രജ്ഞൻ സി.പി ചന്ദ്രശേഖറുമായി സംഭാഷണത്തിൽ. സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ സമീപം

തിരുവനന്തപുരം: രാജ്യത്തിന്റെ പരമാധികാരവും സ്വാതന്ത്ര്യവും സംരക്ഷിക്കാനുള്ള പോരാട്ടങ്ങളെപ്പോലും വാണിജ്യവത്കരിക്കുന്നതാണ് മോദിയുടെ പുതിയ സാമ്പത്തിക നയമെന്ന് സി.പി.എം മുൻ ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് പറഞ്ഞു.

ഉദാരവത്കരണ സാമ്പത്തിക പരിഷ്കാരത്തിന്റെ കാൽനൂറ്റാണ്ടിനോടനുബന്ധിച്ച് ബാങ്ക്, ഇൻഷ്വറൻസ് സംഘടനകളുമായി ചേർന്ന് എ. കെ. ജി. പഠനഗവേഷണ കേന്ദ്രം നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജയിലുകളും സ്കൂളും കോളേജും സ്വകാര്യവത്കരിക്കണമെന്നാണ് നിതി ആയോഗ് പറയുന്നത്. ഇത് അമേരിക്കൻ സാമ്പത്തിക ശൈലിയാണ്. ജയിലിൽ പുള്ളികൾ കൂടുന്നതനുസരിച്ച് കരാറെടുത്ത സ്വകാര്യ മുതലാളിക്ക് വരുമാനം കൂടുന്ന ഏർപ്പാടാണത്. പ്രതിരോധമേഖലയിലെ അമിത സ്വകാര്യവത്കരണം യുദ്ധങ്ങൾ പോലും വാണിജ്യതാത്പര്യം സംരക്ഷിക്കുന്ന ഏർപ്പാടുകളാക്കി മാറ്റും. 222 സ്വകാര്യസ്ഥാപനങ്ങൾക്കാണ് പ്രതിരോധനിർമ്മാണ മേഖലയിൽ ലൈസൻസ് നൽകിയിരിക്കുന്നത്. അമേരിക്കയിലെ ആയുധനിർമ്മാണ കമ്പനികളുമായി സഹകരിക്കാൻ അദാനിയും അംബാനിമാരുമടക്കം ആറ് കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബ്രിട്ടൻ അടക്കമുള്ള വികസിത രാജ്യങ്ങളിൽ ദേശസാത്കരണമുറവിളി ഉയരുന്ന സാഹചര്യത്തിലാണ് ഇന്ത്യയിൽ അടിസ്ഥാന സേവനമേഖലകളായ ഗതാഗതം, കുടിവെള്ളവിതരണം തുടങ്ങിയവ സ്വകാര്യവത്കരിക്കാൻ നീക്കം നടക്കുന്നത്. ഇതുവരെ സ്വകാര്യ മേഖലയെ അടുപ്പിക്കാതിരുന്ന റെയിൽവേയിൽ പോലും കഴിഞ്ഞ മൂന്ന് വർഷമായി അതിവേഗത്തിൽ സ്വകാര്യവത്കരണം നടന്നുവരികയാണ്. അമിത ദേശീയത പറയുന്ന ബി. ജെ. പിക്കും അതിനെ നിയന്ത്രിക്കുന്ന ആർ. എസ്.എസിനും രാജ്യത്തിന്റെ പരമാധികാരം ഒരു പ്രധാനവിഷയമല്ലാതായി മാറിയിരിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജെ.എൻ. യുവിലെ സി.പി. ചന്ദ്രശേഖർ, ഇൻഷ്വറൻസ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീകാന്ത് മിശ്ര, ആസൂത്രണബോർഡംഗം കെ.എൻ. ഹരിലാൽ, സി. കെ.വസന്തകുമാർ, ആനാവൂർ നാഗപ്പൻ തുടങ്ങിയവർ സംസാരിച്ചു. എ.വിജയരാഘവൻ സ്വാഗതം പറഞ്ഞു.

55 ലക്ഷത്തിന്റെ സ്വർണവുമായി സഹോദരങ്ങൾ പിടിയിൽ

തിരുവനന്തപുരം: മസ്കറ്റിൽ നിന്ന് 55ലക്ഷം രൂപ വിലപിടിപ്പുള്ള രണ്ടു കിലോ സ്വർണബിസ്കറ്റുകൾ ഒളിപ്പിച്ച് കടത്തിക്കൊണ്ടുവന്ന സഹോദരങ്ങളെ വിമാനത്താവളത്തിൽ എയർ കസ്റ്റംസ് പിടികൂടി. ഇന്നലെ പുലർച്ചെ നാലരയ്ക്ക് മസ്കറ്റ്-തിരുവനന്തപുരം 9ഡബ്ല്യു 529 ജെറ്റ് എയർവെയ്സ് വിമാനത്തിലെത്തിയ ആലപ്പുഴ സ്വദേശികളായ സമീർ, മുഹമ്മദ് സാദിഖ് എന്നിവരാണ് പിടിയിലായത്.

116.64 ഗ്രാം വീതം ഭാരമുള്ള 17 സ്വർണബിസ്കറ്റുകൾ സോക്സിനടിയിലാണ് ഒളിപ്പിച്ചിരുന്നത്. സമീർ ഒമ്പതും സാദിഖ് എട്ടും ബിസ്കറ്റുകൾ ഒളിപ്പിച്ചു. കസ്റ്റംസ് പരിശോധനയിലൂടെ ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടറിൽ സ്വർണം ഒളിപ്പിച്ചിരിക്കുന്നതായി കണ്ടെത്തി. തുടർന്ന് കസ്റ്റംസ് ഇരുവരെയും അറസ്റ്റ് ചെയ്യുകയായിരുന്നു. സ്വന്തം ആവശ്യത്തിനായാണ് സ്വർണം കൊണ്ടുവന്നതെന്നാണ് ഇവരുടെ മൊഴി. ഇന്റലിജൻസ് അസി.കമ്മിഷണർ പ്രദീപ്കുമാർ, ജെ.ദാസ്, സൂപ്രണ്ടുമാരായ ടി.എസ്. സഞ്ജീവ്, സീതാരാമൻ, ഗോപിരാജ്, സാം ആൽബർട്ട്, ഇന്റലിജൻസ് ഇൻസ്പെക്ടർ സുനിൽ എന്നിവരടങ്ങിയ സംഘമാണ് സ്വർണക്കടത്ത് പിടികൂടിയത്.

രഹസ്യവിവരത്തിന് വൻ പ്രതിഫലം:

മൂന്നരമാസത്തിനിടെ ഒളിപ്പിച്ചു കടത്തിയ നാലരക്കോടി രൂപയുടെ സ്വർണം തിരുവനന്തപുരം വിമാനത്താവളത്തിൽ പിടികൂടി. ഏതാണ്ട് രണ്ടായിരം പവനോളം വരും ഇത്. ഗൾഫിലെയും മലേഷ്യയിലെയും സ്വർണവിലയും കേരളത്തിലെ വിലയുമായി കിലോയ്ക്ക് മൂന്നുലക്ഷത്തിന്റെ വ്യത്യാസമുണ്ട്. സ്വർണാഭരണങ്ങൾ നിർമ്മിക്കുന്ന വൻകിടക്കാർക്കുവേണ്ടിയാണ് സ്വർണം കടത്തുന്നതെന്നാണ് കസ്റ്റംസ് പറയുന്നത്. സ്വർണക്കടത്തിനെക്കുറിച്ചുള്ള രഹസ്യവിവരം നൽകിയാൽ പിടികൂടുന്ന ഒരു കിലോ സ്വർണത്തിന് ഒന്നരലക്ഷം വീതം കസ്റ്റംസ് പ്രതിഫലം നൽകും. നേരത്തേ ഇത് 50,000 രൂപയായിരുന്നു. സ്വർണക്കടത്ത് കൂടുമ്പോഴും തിരുവനന്തപുരം വിമാനത്താവളത്തിൽ പരിശോധനയ്ക്ക് കസ്റ്റംസ് ഉദ്യോഗസ്ഥർ കുറവാണ്. 92 ഉദ്യോഗസ്ഥർ വേണ്ടിടത്ത് 56 പേർ മാത്രമാണുള്ളത്.

KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

വില്പനയ്ക്ക്

മണമ്പൂർ ഒറ്റൂർ എൽ.പി. സ്കൂളിന് എതിർവശം 27 സെന്റ് പുരയിടവും ഇരുനില വീടും വില്പനയ്ക്ക്.
Con # : 9061507716.

വർക്കല തച്ചോട് സംഘം മുക്കിൽ നിന്ന് 50 മീറ്റർ മാറി റോഡ് സൗകര്യമുള്ള 8 സെന്റ്. 1.20/cent.
9995890161.

വർക്കല അയിരൂർ കിഴക്കേപ്പുറം ജംഗ്ഷനിൽ 29 സെന്റ്.
8157840057.

നെയ്യാറ്റിൻകര ടൗണിൽ 18 സെന്റ് നിരപ്പായ കരഭൂമി. Tar road frontage.
9847425949.

നെടുമങ്ങാട് കല്ലിംഗൽ ജംഗ്ഷനിൽ മെയിൻ റോഡ് സൈഡിൽ 7.5 സെന്റ്.
9497272085, 9497271668.

വക്കം ക്ഷേത്രത്തിന് സമീപം 14 സെന്റും വീടും വില്പനയ്ക്ക്. കൂടാതെ 10 സെന്റ് വില്പനയ്ക്ക്.
Contact : 8593076070

വർക്കല Main 60 ഹൗസ് വില്ല ഫ്ലാറ്റ് പ്ലോട്ടുകൾക്ക് അനുയോജ്യം. Brokers excuse.
9497500897

വർക്കല തുരപ്പിന് കിഴക്കുവശം വാഹനം കയറുന്ന 10½ സെന്റ്. No Broker.
9446751798

ആറ്റിങ്ങൽ മാമത്ത് ഹൗസ് പ്ലോട്ട് വില്പനയ്ക്ക്. ബ്രോക്കറില്ല.
9946226326

ഇടവ കാപ്പിൽ HS റോഡിൽ നിന്ന് 100 മീറ്റർ മാറി 14½ സെന്റ്. 85000/cent.
9847429320

കോരാണി ചിറയിൻകീഴ് റൂട്ടിൽ ലോറിസൈറ്റ് 14 സെന്റ് (7 സെന്റ് വീതം). ബ്രോക്കർ ഇല്ല.
9497014271

വേളാവൂർ ഉല്ലാസ് നഗറിൽ ആറ് സെന്റിൽ പുതിയ വീട് വില്പനയ്ക്ക്. 3 BHK.
8943150766,
8589802559.

കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷനു സമീപം കുളങ്ങര ക്ഷേത്രത്തിനു എതിർവശം ലോറികയറുന്ന 8 സെന്റ് വീതമുള്ള രണ്ട് പ്ലോട്ടുകൾ.
ഫോൺ: 9995418952

വസ്തു വില്പനയ്ക്ക്
ചിറയിൻകീഴ് പുതക്കരിയിൽ ലോറി സൗകര്യത്തോടു കൂടിയ 6 സെന്റ് പുരയിടം.
Phone No. 9072774069.

തിരുവനന്തപുരം
കഴക്കൂട്ടം കാര്യവട്ടത്ത് പുതിയതായി പണിയുന്ന വില്ലകൾ വില്പനയ്ക്ക്. 3.5 സെന്റിൽ 1350 sq.ft. മുതൽ 5 സെന്റിൽ 2000 sq.ft. വരെ. Sq.ft. വസ്തു ഉൾപ്പെടെ 4250/-. Starting Price 56 lakh.
8089088891, 9446100642.

തിരുവനന്തപുരം
വെഞ്ഞാറമൂട് ജംഗ്ഷനിൽ നിന്ന് 4 km മാറി ബസ് റൂട്ടിൽ പരമേശ്വരത്ത് ടാർ ഫ്രണ്ടേജിൽ 3, 4, 5, 6, 10 സെന്റിന് രജിസ്ട്രേഷൻ ഉൾപ്പെടെ 1,30,000/-. ഉടൻ വില്പനയ്ക്ക്.
9496132974,
9633435880.

വസ്തു വില്പനയ്ക്ക്
ആറ്റുകാൽ ക്ഷേത്രത്തിന് സമീപം (കാർത്തിക നഗർ) 2½ സെന്റ് പുരയിടം, 1 mt. വഴി.
Phone : 9496101669

ബ്യൂട്ടി പാർലർ വില്പനയ്ക്ക്
3 Lakh only, Near Technopark. Rent or Lease.
8075634503

GST BILLING
നിങ്ങളുടെ ബിസിനസ്സ് വിജയകരമാക്കാൻ ബിസിനസ്സ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ഓർഡർ ചെയ്യുക.
bizgst. 7356770333

ആക്കുളം ചെറുവയ്ക്കൽ
ഇഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജ്, ടെക്നോപാർക്ക്, കിംസ്, എയർഫോഴ്സ്, ലയോള എന്നിവിടങ്ങളിലേയ്ക്ക് 10 മിനിട്ടിനുള്ളിൽ എത്തിച്ചേരാവുന്ന ദൂരത്തിൽ 4/5 സെന്റ് പ്ലോട്ടുകൾ
9847066180

വില്പനയ്ക്ക്
തിരുവനന്തപുരം, പട്ടം പ്ലാമൂടിന് സമീപം 200 മീറ്റർ അകലെ തേക്കുംമൂട് റൂട്ടിൽ റോഡിനരികെ 9 സെന്റ് Residential പ്ലോട്ട് വില്പനയ്ക്ക്. No Broker.
Mobile : 9497007463,
9447494728.

380 KVA DG SET
2008 Make Cummins DG Set For Sale
Call: 9447558899,
9446000712, 0474 - 2749864

ചികിത്സ
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

കോലിയക്കോട് കൺസ്യൂമർ സഹകരണസംഘം
മലബാർ സിമന്റ്
ഹോൾസെയിൽ വിലയ്ക്ക്
94470 52035
85474 48213

ആവശ്യമുണ്ട്
ഉടൻ നിയമനം
പ്രമുഖ ധനകാര്യ സ്ഥാപനത്തിൽ ഒഴിവുകൾ. റിട്ടയേർഡ് ആളുകൾക്കും അപേക്ഷിക്കാം.
7025482045

അക്വേറിയം
തിരുവനന്തപുരം മലമേൽക്കുന്ന് ബസ്സ് സ്റ്റോപ്പിന് സമീപം അക്ഷഹൃദയം അക്വേറിയം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
9895272584, 9497558439.

ആവശ്യമുണ്ട്
മണ്ണന്തല മുക്കോലയ്ക്ക് സമീപം പുതിയതായി ആരംഭിക്കുന്ന ക്ലിനിക്കൽ ലാബിലേക്ക് പരിചയസമ്പന്നരായ ടെക്നീഷ്യനെ ആവശ്യമുണ്ട്. ഉടൻ ബന്ധപ്പെടുക:
9400097762

NEW BUILDING FOR LEASE/RENT
Lodge/Hostel
Kariyavattom NH 47 Main Road,
5 mns to Technopark and Engineering College.
24 double rooms all bath attached,
2 dormitory rooms of 6 beds each.
Magnificent building, fully furnished, tiled walls,
hot water, borewell, KWA line, Generator,
Catering provided.
Contact: 0471 - 2447444, 9562760335.

വാടകയ്ക്ക്

2 BHK, Near Cosmopolitan Hospital, Murinjapalam, Pattom. Govt. Officers preferred.
8547148736, 8129665424.

ഉള്ളൂരിൽ വീട് വാടകയ്ക്ക് (രണ്ടാം നില).
Phone : 9846096613,
9544954935.

മംഗലപുരം – ആറ്റിങ്ങൽ റോഡിൽ മംഗലപുരം ജംഗ്ഷന് 200 m മാറി NH Frontage (22 m), പാർക്കിംഗ് സൗകര്യമുള്ള ഇരുനില കെട്ടിടം, Ground Floor, 2200 Sq.ft., Front Floor - 2200 Sq.ft. ഓഫീസ്, സൂപ്പർ മാർക്കറ്റ്, ഷോറൂം, ബാങ്കിംഗ് എന്നിവയ്ക്ക് അനുയോജ്യം.
Phone : 9048820508

ആറ്റിങ്ങൽ ടൗൺ UPS സ്കൂളിന് സമീപം വീട് വാടകയ്ക്ക്.
Mob: 9526424111, 9995456122

ആറ്റിങ്ങലിൽ വീട് വാടകയ്ക്ക്
മൂന്നുമുക്ക് വാട്ടർ വർക്ക്സ് റോഡിൽ 2, 3 BHK, കാർ പാർക്കിംഗോടുകൂടി. 8921171926

CHANGE OF NAME
എന്റെ SHBO.830752-ാം നമ്പർ ഇലക്ഷൻ ഐഡന്റിറ്റി കാർഡിൽ എന്റെ പേര് ബിനു എന്നും S812694ാം നമ്പർ പാസ്പോർട്ടിൽ വിനുകുമാർ എന്നും രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആയത് രണ്ടും ഒരാൾ ആണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഗുരുസ്മരണയ്ക്ക്



- സാഗര